**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2082** **03-03-2025 - ൽ മറുപടിയ്ക്ക്**

**പുതിയ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിനുള്ള നിബന്ധനകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പുതിയ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിൽ എന്തെങ്കിലും നിബന്ധനകൾ സർക്കാർ മുന്നോട്ട് വച്ചിട്ടുണ്ടോ; എത്ര അപേക്ഷകളാണ് പുതിയ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിനായി ലഭിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (എ) | നിലവിൽ സർക്കാർ അനുമതി നൽകിയിട്ടുള്ള ഫയർ സ്റ്റേഷനുകൾ ആരംഭിച്ച ശേഷം ആവശ്യകതയും മുൻഗണനയും വിലയിരുത്തി പുതിയവയ്ക്കുള്ള നിർദ്ദേശങ്ങൾ പരിഗണിക്കാമെന്നതാണ് സർക്കാരിന്റെ തീരുമാനം.നവകേരളസദസ്സ് മുമ്പാകെ പുതുതായി ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നതിനായി 63 അപേക്ഷ കൾ ലഭ്യമായിരുന്നു. |
| (ബി) | ഈ സർക്കാർ വന്നശേഷം എത്ര പുതിയ ഫയർ & റെസ്ക്യൂ സ്റ്റേഷൻ അനുവദിച്ചിട്ടുണ്ട്; അറിയിക്കാമോ; | (ബി) | ഈ സർക്കാർ വന്നശേഷം വയനാട് ജില്ലയിലെ തൊണ്ടർനാട് ആസ്ഥാനമാക്കി ഒരു ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിന് തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട് |
| (സി) | ബാലുശ്ശേരിയിൽ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിനായി ലഭിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടിക്രമങ്ങൾ വിശദമാക്കാമോ? | (സി) | നിലവിൽ സർക്കാർ അനുമതി നൽകിയിട്ടുള്ള ഫയർ സ്റ്റേഷനുകൾ ആരംഭിച്ച ശേഷം ആവശ്യകതയും മുൻഗണനയും വിലയിരുത്തി പുതിയവയ്ക്കുള്ള നിർദ്ദേശങ്ങൾ പരിഗണിക്കാമെന്നതാണ് സർക്കാരിന്റെ തീരുമാനം.ആ സമയത്ത് ബാലുശ്ശേരിയിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്ന കാര്യവും പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ